# Malayala Manorama
# 25 August 2018
# Kochi; Flood , Electricity Crisis

# തിരുവോണത്തിനും വെളിച്ചം എത്താതെ 28,000 വീടുകൾ

കൊച്ചി • ഓണത്തിനും ജില്ലയിൽ വൈദ്യുതിയില്ലാത്തത് 28,000 വീടുകളിൽ. പറവൂർ, ചെങ്ങമനാട്, ഇടയാർ, ആലുവാത്തുരുത്ത് എന്നീ പ്രദേശങ്ങളിലാണ് ഇനിയും വൈദ്യുതി വിതരണം പുനഃസ്ഥാപിക്കാനുള്ളത്.

പെരുമ്പാവൂർ സർക്കിളിനു കീഴെ വൈദ്യുതി വിതരണം ഏതാണ്ടു പൂർണമായി പുനഃസ്ഥാപിച്ചു. ഇനി ആറായിരത്തിൽ താഴെ മാത്രം കണക്ഷനുകളാണു പുനഃസ്ഥാപിക്കാനുള്ള

ള്ള മേഖലകളിൽ ഇപ്പോഴും വെള്ളമിറങ്ങാനുണ്ട്. ക്യാംപുകളിൽ നിന്ന് ആളുകൾ ഇവിടേക്കു തിരികെയെത്തിയിട്ടുമില്ല.

പറവൂർ മേഖലകളിലെ 22,000 വീടുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ചെളികയറി, വയറിങ് സംവിധാനം പൂർണമായി നശിച്ച വീടുകളാണിവ. അഞ്ചു ലക്ഷത്തിലേറെ കണക്ഷനുകൾ പ്രളയത്തെത്തുടർന്നു വിച്ഛേദിച്ചെങ്കിലും ഒരാഴ്ചയ്ക്കുള്ളിൽ വൈദ്യുതി വിതരണം ഭൂരിഭാഗവും പു

മറ്റു ജില്ലകളിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സേവനവും ഈ ദിവസങ്ങളിൽ ഉപയോഗപ്പെടുത്തി. അവധി ദിവസങ്ങളിലും ഉദ്യോഗസ്ഥർ ജോലിക്കെത്തിയിരുന്നു. ഇന്നും വൈദ്യുതി വിതരണം പുനഃസ്ഥാപിക്കാത്ത മേഖലകളിൽ ഉദ്യോഗസ്ഥർ ജോലിക്കെത്തും.

കുറുമശേരി, കൂവപ്പടി, മലയാറ്റൂർ തുടങ്ങിയ മേഖലകളിലെ മുങ്ങിപ്പോയ സബ് സ്റ്റേഷനുകളുടെ പ്രവർത്തനവും ഏതാണ്ടു പൂർ